(4) <u>ചട്ടത്തിനുള്ള ഭേദഗതി സംബന്ധിച്ച്</u>

2018 മാർച്ച് മാസം 15-ാം തീയതി ചട്ടത്തിനുള്ള ഭേദഗതികളുടെ പരിഗണനാവേളയിൽ, ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ്* നൽകി.

“ പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ നൽകിയ "സ്പെഷ്യൽ റൂൾസ് ഫോർ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ഫോർ ഫിഷറീസ് ഡെവലപ്മെന്റ് ലിമിറ്റഡ് (മത്സ്യഫെഡ്)" എന്ന ചട്ടത്തിനുള്ള ഭേദഗതി നോട്ടീസ് വിശദമായ പരിശോധനയിൽ സ്റ്റാറ്റ്യൂട്ടറി ചട്ടം (SRO) അല്ലെന്നും സർക്കാരിനുകീഴിലെ ഒരു സ്ഥാപനമായ മത്സ്യഫെഡിനെ സംബന്ധിക്കുന്ന ചട്ടമാണെന്നും കണ്ടെത്തിയിട്ടുള്ളതിനാൽ പ്രസ്തുത ചട്ടത്തിന്മേലുള്ള ഭേദഗതി നിർദ്ദേശങ്ങൾ പരിശോധിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തേണ്ട ഉത്തരവാദിത്വം സർക്കാരിനുതന്നെയാണ്. ക്രമപ്രകാരമല്ലാത്ത പ്രസ്തുത നോട്ടീസിന് അനുമതി നിഷേധിക്കുന്നു.”

---

* XIV KLA X Session Vol. No. 171/No. 12 dated 15.03.2018